**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കണ്ണൂർ ജില്ല – തലശ്ശേരി ജനറൽ ആശുപത്രി - സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് ഗ്രാമ / ബ്ലോക്ക് / ജില്ല പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും സാമ്പത്തിക സഹായം - ഭേദഗതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 939 /2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതിഃ 26.03.2015

പരാമർശംഃ-

1. ശ്രീ.കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ.യുടെ 15.11.2014-ലെ KB/243/2014 നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.12.2014 തീയതിയിലെ 3.15 നമ്പർ തീരുമാനം.
3. സ.ഉ.(സാധാ.) നം. 3489/2014/ത.സ്വ.ഭ.വ. തീയതിഃ 30.12.2014.
4. ശ്രീ.കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ.യുടെ 04.02.2015-ലെ കത്ത്.
5. വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.03.2015-ലെ 3.36 നമ്പർ തീരുമാനം.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രിയുടെ ഭാഗമായി തലശ്ശേരി ടൗണിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആരംഭിക്കുന്നതിനായി 5 ഏക്കർ സ്ഥലം വാങ്ങുന്നതിന് സ്ഥലം പാർലമെന്റ് അംഗം ചെയർമാനും സ്ഥലം എം.എൽ.എ കൺവീനറുമായി ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായും സ്ഥലം വില കൊടുത്ത് വാങ്ങുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്ത് 50 ലക്ഷത്തിൽ കുറയാത്ത തുകയും തലശ്ശേരി നഗരസഭ 50 ലക്ഷത്തിൽ കുറയാത്ത തുകയും തലശ്ശേരി താലൂക്കിലെ ഗ്രാമ പഞ്ചായത്തുകൾ 10 ലക്ഷത്തിൽ കുറയാത്ത തുകയും സംഭാവന നൽകുന്നതിനുള്ള അനുമതിയാണ് പരാമർശം (4) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (5) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തലശ്ശേരി ജനറൽ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിന് 5 ഏക്കർ സ്ഥലം ആർജ്ജിക്കുന്നതിന് തലശ്ശേരി താലൂക്കിലെ ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും കണ്ണൂർ ജില്ലാ പഞ്ചായത്തും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് 03.12.2014-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.14 പ്രകാരവും 17.12.2014-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.15 പ്രകാരവും കൈക്കൊണ്ട തീരുമാനം ഭേദഗതി ചെയ്ത് പ്രത്യേക കേസായി പദ്ധതി വിഹിതത്തിൽ നിന്നും തുക നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടി ജനകീയ കമ്മിറ്റി കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ശരത്ചന്ദ്രൻ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട നഗരസഭകൾക്ക് നൽകേണ്ടതാണ്)
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം. (ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
ജില്ലാ പഞ്ചായത്ത്, കണ്ണൂർ.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ആരോഗ്യം കുടുംബക്ഷേമ വകുപ്പ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വകുപ്പ്.
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.